✝

# വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

*Prayer for Priests & Vocations*

നിത്യപുരോഹിതനായ ഈശോ, അങ്ങേ ദാസന്മാരായ വൈദികർക്ക് യാതൊരു ആപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നൽകണമേ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അവരുടെ കരങ്ങളെ മലിനമാകാതെ കാക്കണമേ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തുകൊള്ളണമേ.

ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽ നിന്ന് അകറ്റണമേ. അങ്ങയോടുകൂടെയായിരിക്കാനും വചനം പ്രഘോഷിക്കാനും തിന്മയെ ചെറുക്കാനും അവർ സദാ ഉത്സുകരാകട്ടെ.

അങ്ങയുടെ മഹത്വത്തിനു വേണ്ടിയുള്ള അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിതീരട്ടെ.

ലോകരക്ഷകനായ ഈശോ, അങ്ങേ പുരോഹിതരെയും വൈദികശുശ്രൂഷകരെയും ശുദ്ധീകരിക്കണമേ. കർത്താവേ, അങ്ങയുടെ സഭയ്ക്ക് വിശുദ്ധരായ വൈദികരെയും സന്യാസി-സന്യാസിനികളെയും അല്മായ പ്രേഷിതരെയും പ്രധാനം ചെയ്യണമേ.

**വൈദികരുടെ രാജ്ഞിയായ മറിയമേ,** **വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.**

**വിശുദ്ധ അൽഫോൻസാമ്മേ,** **സന്യാസ്തർക്കുവേണ്ടി പ്രാർത്ഥിക്കണമേ.**

**തിരുകുടുംബമേ,** **ഞങ്ങളുടെ കുടുംബങ്ങളെ നിർമ്മലമായി കാക്കണമേ.**

❖ ❖ ❖